7
ശനി
2017 ജനുവരി
1192 ധനു 23

മക്തബ്

www.makthabdaily.com

SKSSF
തോട്ടീക്കൽ ശാഖ
സിൽവർ ജൂബിലി
സമാപനസമ്മേളനവും
കഥാപ്രസംഗവും
ഇന്ന് രാത്രി 6.30ന് തോട്ടീക്കൽ ഹുദൈബിയ നഗറിൽ
പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ
അബ്ദുസമദ് പൂക്കോട്ടൂർ പങ്കെടുക്കുന്നു
ചടങ്ങിൽ ഉമർ നദ്‌വി തോട്ടീക്കൽ, സുബൈർ തോട്ടീക്കൽ
ഷാക്കിർ തോട്ടീക്കൽ എന്നിവരെ ആദരിക്കുന്നു
ആശംസകളോടെ
സൺ ബോയ്സ്
തോട്ടീക്കൽ

തളിപ്പറമ്പ പുസ്തകം 10 ലക്കം 74 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

കോൾമൊട്ടയിൽ മൂസാൻകുട്ടി മാസ്റ്റർ സ്മാരക മന്ദിരം അടിച്ചുതകർത്തു

സി.പി.ഐ നേതാവ് കാനം രാജേന്ദ്രൻ പത്ത് ദിവസം മുമ്പ് ഇവിടെ സി.പി.എമ്മിനെതിരെ പ്രസംഗിച്ചിരുന്നു

കോൾമൊട്ട: (പറശിനിക്കടവ്): സ്വാതന്ത്ര്യസമരസേനാനിയും അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും സി.പി.ഐയുടെയും പ്രമുഖ നേതാവുമായിരുന്ന കെ.വി. മൂസാൻകുട്ടി മാസ്റ്റർ സ്മാരക മന്ദിരത്തിന് നേരെ അക്രമം. ധർമ്മശാല- പറശിനിക്കടവ് പാതയിൽ കോൾമൊട്ട റോഡരികിലെ മന്ദിരത്തിന് നേരെ ഇന്ന് പുലർച്ചെ രണ്ട് മണിയോടെയാണ് അക്രമം നടന്നത്. കെട്ടിട സമുച്ചയത്തിന്റെ മുകൾ നിലയിൽ പ്രവർത്തിക്കുന്ന മന്ദിരത്തിന്റെ എട്ട് ജനൽ പാളികളിലെ ചില്ലുകൾ മുഴുവൻ അടിച്ചുതകർത്തു. ഇരുമ്പുപാര കൊണ്ട് വാതിൽ കുത്തിതുറക്കാൻ ശ്രമം നടന്നതിന്റെ അടയാളമുണ്ട്. എന്നാൽ ശക്തിയേറിയ ഓടാമ്പലായതിനാൽ വാതിൽ പൊളിക്കാനുള്ള ശ്രമം വിജയിച്ചില്ല. മന്ദിരത്തിന് നേരെ കല്ലെറിയുകയും ചെയ്തു. ചുവരിൽ കല്ലുകൾ പതിച്ചതിന്റെ അടയാളമുണ്ട്.

മന്ദിരത്തിന്റെ മുൻവശത്ത് സ്ഥാപിച്ച കൊടിമരം തകർക്കാനും ശ്രമം നടന്നു. കോൺക്രീറ്റ് അടിത്തറയിൽ ഇരുമ്പ് പൈപ്പിൽ സ്ഥാപിച്ച കൊടിമരം വലിച്ചുപൊട്ടിക്കാൻ ശ്രമിച്ചു. കൊടിമരം ചെരിഞ്ഞ നിലയിലാണുള്ളത്.

സമീപത്തെ കാർട്ടേഴ്സുകളിൽ താമസിക്കുന്നവർ ബഹളം കേട്ട് ഉണർന്നപ്പോഴേക്കും അക്രമികൾ കൃത്യം നിർവഹിച്ച് മടങ്ങിയിരുന്നു. അക്രമത്തിന് പിറകിൽ ആരാണെന്ന് വ്യക്തമല്ല. എന്നാൽ കഴിഞ്ഞ 27ന് ഇവിടെ നടന്ന മൂസാൻകുട്ടി മാസ്റ്റർ അനുസ്മരണ ചടങ്ങിലെ വൻ ജനപങ്കാളിത്തം കണ്ട് വിറളി പിടിച്ചവരാണ് അക്രമത്തിന് പിറകിലെന്ന് സി.പി.ഐ ആരോപിച്ചു.

2007ൽ അന്നത്തെ സി.പി.ഐ സംസ്ഥാന സെക്രട്ടറി സി.കെ. ചന്ദ്രപ്പൻ ഉദ്ഘാടനം ചെയ്തതാണ് സ്മാരക മന്ദിരം. മൂസാൻകുട്ടി മാസ്റ്ററുടെ തറവാട് വീടിന് മുന്നിൽ ബന്ധുക്കൾ വിട്ടുനൽകിയ സ്ഥലത്താണ് മന്ദിരം.

കഴിഞ്ഞ ഡിസംബർ 27ന് മൂസാൻകുട്ടി മാസ്റ്റർ 25-ാം ചരമവാർഷികം ആചരിച്ചിരുന്നു. സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. കോൾമൊട്ടയുടെ ചരിത്രത്തിലെ വലിയൊരു ജനാവലിയാണ് പരിപാടിയിൽ സംബന്ധിച്ചത്. കാനം രാജേന്ദ്രൻ സി.പി.എമ്മിന്റെ പേരെടുത്ത് പറയാതെ രൂക്ഷ വിമർശനം നടത്തിയിരുന്നു. മാവോയിസ്റ്റ് വേട്ടയും യു.എ.പി.എ ദുരുപയോഗം ചെയ്യലും ചൂണ്ടിക്കാട്ടിയായിരുന്നു വിമർശനം.

മൂസാൻകുട്ടി മാസ്റ്ററുടെ മകൻ പി.കെ. മുജീബ്റഹ്മാൻ ആന്തൂർ നഗരസഭയിലെ എൽ.ഡി.എഫ് കൗൺസിലറാണ്. പ്രതിപക്ഷമില്ലാത്ത നഗരസഭ കൗൺസിലിൽ മുജീബ് റഹ്മാൻ ഒഴികെ ബാക്കിയെല്ലാവരും സി.പി.എമ്മുകാരാണ്.

അക്രമവിവരം അറിഞ്ഞ് സി.പി.ഐ ദേശീയ സെക്രട്ടറിയേറ്റംഗം പന്ന്യൻ രവീന്ദ്രൻ, ദേശീയ കൗൺസിൽ അംഗം സി.എൻ. ചന്ദ്രൻ, ജില്ലാ സെക്രട്ടറി പി. സന്തോഷ്കുമാർ, ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി സി.പി. ഷൈജൻ, മുൻ ജില്ലാ സെക്രട്ടറി സി. രവീന്ദ്രൻ, മണ്ഡലം സെക്രട്ടറി വി.വി. കണ്ണൻ, വേലിക്കാത്ത് രാഘവൻ, അസിസ്റ്റന്റ് സെക്രട്ടറി പി.വി. ബാബു, സി.പി.എം ഏരിയാ സെക്രട്ടറി പി. മുകുന്ദൻ, ജില്ലാ കമ്മിറ്റിയംഗങ്ങളായ പി. വാസുദേവൻ, കെ. സന്തോഷ്, ലോക്കൽ സെക്രട്ടറി പി.എൻ. രാജപ്പൻ മാസ്റ്റർ, എന്നിവർ സ്ഥലം സന്ദർശിച്ചു. തളിപ്പറമ്പ് എസ്.ഐ പി. രാജേഷ്, എ.എസ്.ഐ രഞ്ജിത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്തെത്തി. അക്രമത്തിൽ സി.പി.ഐ ജില്ലാ സെക്രട്ടറി പി. സന്തോഷ്കുമാർ പ്രതിഷേധിച്ചു. കുറ്റവാളികളെ ഉടൻ കണ്ടെത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. തളിപ്പറമ്പ് മണ്ഡലം കമ്മിറ്റിയും പ്രതിഷേധിച്ചു.

അക്രമത്തിൽ പ്രതിഷേധിച്ച് ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക് കോൾമൊട്ടയിൽ പ്രതിഷേധ പ്രകടനവും പൊതുയോഗവും നടക്കും. സി.പി.ഐയുടെ പ്രമുഖ നേതാക്കൾ പങ്കെടുക്കും.

അപലപനീയം, അക്രമികളെ ഉടൻ കണ്ടെത്തണം: സി.പി.എം

തളിപ്പറമ്പ: സി.പി.ഐ നേതാവ് കെ.വി. മൂസാൻകുട്ടി മാസ്റ്ററുടെ സ്മാരക മന്ദിരം അടിച്ചുതകർത്തവരെ ഉടൻ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്ന് സി.പി.എം തളിപ്പറമ്പ് ഏരിയാ കമ്മിറ്റി ആവശ്യപ്പെട്ടു. ഇടതുപക്ഷ ഐക്യം കൂടുതൽ അനിവാര്യമായിരിക്കുന്ന സന്ദർഭത്തിൽ ഇരു പാർട്ടികളെയും തെറ്റിക്കുന്നതിനുവേണ്ടി സാമൂഹ്യവിരുദ്ധർ ബോധപൂർവ്വം നടത്തിയ ശ്രമമാണോയെന്ന സംശയവും ബലപ്പെട്ടിട്ടുണ്ട്. അക്രമത്തെ ശക്തമായി അപലപിക്കുന്നുവെന്നും ഏരിയാ സെക്രട്ടറി പി. മുകുന്ദൻ പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞു.

കോൾമൊട്ടയിൽ അക്രമത്തിനിരയായ കെ.വി. മൂസാൻകുട്ടി മാസ്റ്റർ സ്മാരക മന്ദിരം.

എസ്.പിയുടെ ഡ്രൈവർമാരെയും ഗൺമാൻമാരെയും മാറ്റി

ജില്ലയിലെ പോലീസിൽ അടിമുടി അഴിച്ചുപണി ഉടൻ ഉണ്ടാകും

കണ്ണൂർ: എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസിൽ എൽ.ഡിഎഫ് അനുകൂലികൾക്ക് സ്വാധീനമില്ലെന്ന സ്ഥിതിക്ക് മാറ്റം. പുതിയ ജില്ലാ പോലീസ് സൂപ്രണ്ട് ചാർജെടുത്ത് നിമിഷങ്ങൾക്കകം ഡ്രൈവർമാരെയും ഗൺമാൻമാരെയും മാറ്റി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് നിയമിച്ചവരെയാണ് മാറ്റിയത്. വർഷങ്ങളായി തളിപ്പറമ്പ പോലീസ് സ്റ്റേഷനിൽ ഡ്രൈവറായ സുഷനാണ് എസ്.പിയുടെ പുതിയ ഡ്രൈവർ. മൂന്നു വർഷത്തിലധികമായി തളിപ്പറമ്പിൽ ഒരു പരാതിക്കും ഇടം നൽകാതെ ജോലി ചെയ്തയാളാണ് സുഷൻ. ഇതേ രീതിയിൽ തന്നെ ഗൺമാൻമാരെയും മാറ്റിയിട്ടുണ്ട്. മാറ്റുമ്പോൾ സ്വഭാവ ശുദ്ധിയും നല്ല സർവീസ് റിക്കാർഡും നോക്കണമെന്ന നിർബന്ധബുദ്ധി ഇത്തവണ എൽ.ഡി.എഫ് അനുകൂല അസോസിയേഷൻ കൈക്കൊണ്ടിട്ടുണ്ട്. ഇവർക്ക് പിന്നാലെ സ്പെഷൽ ബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷൽ ബ്രാഞ്ച്, സ്റ്റേഷനിലെയും സർക്കാർ ഓഫീസിലെയും പ്രധാന തസ്തികകളിലെയും മാറ്റം അടുത്ത ആഴ്ച തന്നെയുണ്ടാകും. സർക്കാർ മാറുമ്പോൾ സാധാരണ ഇത്തരം പോസ്റ്റുകളിൽ മാറ്റും ഉണ്ടാവാറുണ്ടെങ്കിലും കണ്ണൂരിൽ ഇത്തവണ ഇത് നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. എസ്.പിയുടെ കർശന നിലപാടാണ് ഇതിന് തടസമായത്. പുതിയ എസ്.പി വന്നതോടെ കാര്യങ്ങൾ തങ്ങൾ തെളിക്കുന്ന വഴിയേ നടക്കുമെന്ന പ്രതീക്ഷ എൽ.ഡി.എഫിന് ഉണ്ട്.

അതേസമയം പുതിയ പോലീസ് സൂപ്രണ്ട് ഫിലിപ്പ് നേരത്തെ ജില്ലാ ചീഫ് ആയ സമയത്ത് ഭരണാനുകൂലികൾ മാത്രം പറഞ്ഞ കാര്യങ്ങൾ ചെവികൊണ്ട ഓഫീസറായിരുന്നില്ല. 2010 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള എട്ട് മാസമായിരുന്നു ഫിലിപ്പ് കണ്ണൂർ എസ്.പിയായിരുന്നത്. കോടിയേരി ബാലകൃഷ്ണനായിരുന്നു അന്ന് ആഭ്യന്തരമന്ത്രി. സർക്കാർ നയം നടപ്പിലാക്കിയെങ്കിലും അന്നത്തെ എൽ.ഡി.എഫ് അനുകൂല അസോസിയേഷൻ പറഞ്ഞത് പോലെ സ്ഥല മാറ്റം നടത്താൻ എസ്.പി തയ്യാറായിരുന്നില്ല. കഴിഞ്ഞ ഭരണ കാലത്തെ യു.ഡി.എഫ് അനുകൂല പോലീസ് അസോസിയേഷൻ ഭാരവാഹികളെ മാറ്റണമെന്നാണ് എൽ.ഡി.എഫ് അനുകൂലികളുടെ ആവശ്യം. എൽ.ഡി.എഫ് അനുകൂലികളെ വിദൂര ജില്ലകളിലേക്ക് യു.ഡി.എഫ് ഭരണത്തിൽ മാറ്റിയിരുന്നു. പുതിയ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമാണ് ഇവർ ജില്ലയിൽ തിരികെയെത്തിയത്. ഇതിന് പകരം വീട്ടണമെന്ന് എൽ.ഡി.എഫ് അസോസിയേഷൻ നേരത്തെ ആവശ്യപ്പെട്ടിരുന്നു. ജില്ലയിലെ എസ്.ഐമാരെ ഉടൻ മാറ്റുമെന്ന സൂചനയുണ്ട്. ജില്ലയിലേത് ഉൾപ്പെടെ 40 സി.ഐമാർ അടുത്ത് തന്നെ ഡി.വൈ.എസ്.പിമാരായി പ്രമോട്ട് ചെയ്യപ്പെടും. ഇതിന്റെ ഭാഗമായി സി.ഐമാരിൽ ചിലർക്ക് സ്ഥാനചലനം ഉണ്ടാകും.

എസ്.പിയെ സി.പി.എമ്മിന്റെ ചട്ടുകമാക്കാൻ വിടില്ല: സതീശൻ പാച്ചേനി

കണ്ണൂർ: ക്രമസമാധാനപാലനരംഗത്ത് പൊതുവിൽ സ്വീകാര്യമായ നടപടികളിലൂടെ നിഷ്പക്ഷമായി നീതി നിർവഹണം നടത്തിയ എസ്.പി സഞ്ജയ് കുമാർ ഗുരുദ്ധിനെ സി.പി.എം ജില്ലാ കമ്മിറ്റിയുടെ നിരന്തരമായ സമ്മർദത്തിന്റെ ഫലമായാണ് മാറ്റിയതെന്ന് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി പ്രസ്താവനയിൽ പറഞ്ഞു. നാടിന്റെ സമാധാനവും ശാന്തിയുമല്ല സി.പി.എം ആഗ്രഹിക്കുന്നതെന്നതിന്റെ തെളിവ് കൂടിയാണിത്. പുതിയ എസ്.പിയെ സി.പി.എമ്മിന്റെ ചട്ടുകമായി ഉപയോഗിക്കാനാണ് നിയമിച്ചതെങ്കിൽ അത് നടക്കാൻ പോകുന്നില്ല. ജനാധിപത്യ വിശ്വാസികളുടെ പ്രതിഷേധം വിളിച്ച് വരുത്താനെ ഇത് ഉപകരിക്കുവെന്നും സതീശൻ മുന്നറിയിപ്പ് നൽകി.

ഡോക്ടറുടെ വീട്ടിൽ നിന്ന് വേലക്കാരി കവർന്ന 26 പവന്റെ ആഭരണങ്ങൾ കണ്ടെടുത്തു

കണ്ണൂർ: ഡോക്ടറുടെ വീട്ടിൽ നിന്ന് വേലക്കാരി മോഷ്ടിച്ച 40 പവൻ സ്വർണ്ണാഭരണങ്ങളിൽ 26 പവൻ കണ്ടെടുത്തു. കേസിൽ അറസ്റ്റിലായി റിമാന്റിൽ കഴിയുന്ന വീട്ടുവേലക്കാരി പാടിയോട്ടുചാൽ ഏച്ചിലംപ്പാറയിലെ കെ.വി.നളിനി (51)യെ രണ്ടുദിവസം മുമ്പ് ടൗൺ സി.ഐ കെ.വി.വേണുഗോപാൽ കസ്റ്റഡിയിൽ വാങ്ങിയിരുന്നു. ഇവരെ ചോദ്യം ചെയ്തപ്പോഴാണ് സ്വർണ്ണാഭരണങ്ങൾ വിറ്റതും പണയപ്പെടുത്തിയതുമായ സ്ഥാപനങ്ങളെ കുറിച്ച് വിവരം ലഭിച്ചത്. ഇതേ തുടർന്ന് ചെറുപുഴ, പയ്യന്നൂർ എന്നിവിടങ്ങളിലെ രണ്ട് ജ്വല്ലറികളിൽ നിന്നും പാടിയോട്ടുചാൽ, ചെറുവത്തൂർ എന്നിവിടങ്ങളിലെ സഹകരണ ബാങ്കുകളിൽ നിന്നും ചെറുപുഴയിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നിന്നുമായി ആഭരണങ്ങൾ കണ്ടെടുക്കുകയായിരുന്നു. കണ്ണൂർ ടൗണിലെ എൻ. കനകം പി.നായരുടെ വീട്ടിൽ നിന്നാണ് ആഭരണങ്ങൾ കവർച്ച ചെയ്തത്. എസ് ടാക്കീസിനടുത്ത ഡോ. കവർച്ച ചെയ്തത്.

ബി.ജെ.പി പ്രവർത്തകന്റെ വീട്ടിൽ നിന്ന് വാളും ഇരുമ്പുവടിയും പിടികൂടി

തലശേരി: ബി.ജെ.പി പ്രവർത്തകന്റെ വീട്ടിൽ നിന്ന് ധർമ്മടം പോലീസ് വാളും ഇരുമ്പുവടിയും പിടികൂടി. രണ്ടുപേരെ കസ്റ്റഡിയിലെടുത്തു.

മേലൂർ മുച്ചിലോട്ട് കാവിന് സമീപത്തെ മൂർക്കോത്ത് സുബി നേഷി (34)ന്റെ 'ശിവശക്തി' വീട്ടിലാണ് ഇന്നലെ രാത്രി ധർമ്മടം പോലീസ് റെയ്ഡ് നടത്തി ആയുധങ്ങൾ പിടിച്ചെടുത്തത്. സുബി നേഷിനെയും ഇയാളുടെ കൂട്ടാളി ബി.ജെ.പി പ്രവർത്തകൻ മേലൂരിലെ ദേവനെയും കസ്റ്റഡിയിലെടുത്തു. മേലൂരിലെ ചെഗുവേര ക്ലബ് അക്രമിച്ച കേസിലെ ഒന്നാം പ്രതിയാണ് സുബിനേഷ്.

ബാങ്കുകളിൽ എത്തിയ അസാധു നോട്ടുകളിൽ കള്ളനോട്ടുകളും

കണ്ണൂർ: 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിയതിനെ തുടർന്ന് ബാങ്കുകളിൽ എത്തിയ നോട്ടുകളിൽ കള്ളനോട്ടുകളും. എസ്.ബി.ടിയിൽ മാത്രം 8,78,000രൂപയുടെ കള്ളനോട്ടുകൾ എത്തിയതായി ബാങ്കിന്റെ തന്നെ കണക്കുകൾ വ്യക്തമാക്കുന്നു. നവമ്പർ എട്ടിനാണ് 500, 1000രൂപ നോട്ടുകൾ അസാധുവായി പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. നവമ്പർ പത്ത് മുതൽ ഡിസംബർ 28 വരെ ബാങ്കുകളിൽ എത്തിയ അസാധു നോട്ടുകളിലാണ് ഇത്രയും കള്ളനോട്ടുകളുള്ളത്. നവമ്പർ 23, 24 തീയതികളിൽ മാത്രം ഒരുലക്ഷം രൂപ വീതം കള്ളനോട്ടുകൾ ബാങ്കിൽ എത്തിയിട്ടുണ്ട്.

അഞ്ചിലേറെ കള്ളനോട്ടുകൾ ഒരു ഇടപാടുകാരൻ കൊണ്ടുവന്നാലേ സാധാരണഗതിയിൽ ബാങ്ക് അധികൃതർ പോലീസിൽ വിവരം അറിയിക്കാറുള്ളൂ. നാലുനോട്ടുകളിൽ താഴെ മാത്രമാണ് ഒരു ഇടപാടിൽ ബാങ്കിൽ എത്തിയ കള്ളനോട്ടുകൾ. അതിനാലാണത്രെ പോലീസിൽ വിവരം അറിയിക്കാതിരുന്നത്. എന്നാൽ മൊത്തം കള്ളനോട്ടുകളുടെ വിവരം വച്ച് പോലീസിൽ പരാതി നൽകുമെന്ന് ബാങ്ക് അധികൃതർ അറിയിച്ചു. കള്ളനോട്ടുകൾക്ക് പകരം നോട്ടു നൽകിയിട്ടില്ലെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

നോട്ടുകളുടെ സീരിയൽ നമ്പറടക്കം രേഖപ്പെടുത്തി അവ നൽകിയവരുടെ പേരുകളും മറ്റും ബാങ്കുകളിൽ സൂക്ഷിച്ചിട്ടുണ്ടത്രെ. അതുകൊണ്ട് ഇവരുടെ പേരുകൾ അടക്കം വച്ച് പരാതി നൽകാനാണ് നീക്കം.

കാറിടിച്ച് യുവാവ് മരിച്ചു

കാസർക്കോട്: കാറിടിച്ച് യുവാവ് മരണമടഞ്ഞു. കുമ്പള കോയിപ്പാടി കടപ്പുറത്തെ പരേതനായ ദിനേശന്റെ മകൻ രാമചന്ദ്രൻ (35)ആണ് മരിച്ചത്. ഇന്നലെ രാത്രി ഒമ്പത് മണിയോടെയാണ് സംഭവം. കുമ്പള മാവിനക്കട്ടയിലെ തട്ടുകടയിൽ നിന്ന് ഭക്ഷണം കഴിച്ച് മടങ്ങുമ്പോൾ കാസർക്കോട് ഭാഗത്ത് നിന്ന് വന്ന കാറിടിക്കുകയായിരുന്നു. ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭാര്യ: സുജിത. മക്കൾ: അനഘ, സൗരവ്.

രണ്ടുകിലോ കഞ്ചാവ് സഹിതം മധ്യവയസ്കൻ അറസ്റ്റിൽ



കാസർക്കോട്: രണ്ടുകിലോ കഞ്ചാവ് സഹിതം യുവാവിനെ വിദ്യാനഗർ എസ്.ഐ ബാബു പെരിങ്ങേത്ത് അറസ്റ്റ് ചെയ്തു. തെക്കിൽ സ്വദേശി മുഹമ്മദ് അഷ്റഫ് (50) ആണ് പിടിയിലായത്. സ്കൂട്ടറിൽ പോവുകയായിരുന്ന അഷ്റഫിനെ ബേവിഞ്ച വളവിൽ തടഞ്ഞുനിർത്തി പരിശോധിച്ചപ്പോഴാണ് കഞ്ചാവ് കണ്ടെത്തിയത്. ഒരു വർഷമായി കഞ്ചാവ് വിതരണം നടത്തിവരികയായിരുന്നത്രെ ഇയാൾ. കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കാണത്രെ പ്രധാനമായും കഞ്ചാവ് വിൽക്കാറുള്ളത്. ചട്ടഞ്ചാൽ, കാസർക്കോട് ഭാഗങ്ങൾ കേന്ദ്രീകരിച്ചാണ് കഞ്ചാവ് വിൽപ്പന. വിവാഹവീടുകളിൽ സദ്യയൊരുക്കുന്ന ആളാണ് അഷ്റഫ്.

മരുന്നില്ലാതെ അസുഖം മാറ്റാം തളിപ്പറമ്പിൽ

തളിപ്പറമ്പ: വിട്ടുമാറാത്ത അലർജി, തുമ്മൽ, രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ, തലകറക്കം, വിട്ടുമാറാത്ത തലവേദന, മൈഗ്രേൻ, ഹൃദ്രോഗം, കൈകാൽ മുട്ട് വേദന, മൂത്രാശയ കല്ല്, കഴുത്ത് വേദന, അപസ്മാരം, മാനസിക രോഗം, പൈൽസ്, തൈറോയിഡ്, കഫക്കെട്ട് ടോൺസിലൈറ്റിസ്, തരിപ്പുകൾ, ഊരവേദന, കുട്ടികളിലെ ഉറക്കത്തിൽ അറിയാതെ മൂത്രമൊഴിക്കൽ, കുട്ടികൾക്ക് ഉണ്ടാകുന്ന രക്തക്കുറവ്, സ്ത്രീകൾക്ക് മാസമുറയിൽ ഉണ്ടാകുന്ന വൈകല്യം, ലൈംഗിക ബുദ്ധിമുട്ടുകൾ, കുട്ടികൾ ഇല്ലാത്തവർക്കും പുറംവേദന, ചെന്നിക്കുത്ത് തുടങ്ങി ഏതാണ്ട് എല്ലാ രോഗങ്ങളും സുഖപ്പെടുത്തുന്നു. വൈദഗ്ദ്ധം നേടിയ സുജോക്കിസ്റ്റിന്റെ സേവനം ലഭ്യം. ഞായറാഴ്ച ഒഴികെ രാവിലെ 8.30 മുതൽ 11.30 വരെ തളിപ്പറമ്പ് സയ്യിദ് നഗർ കാര്യാമ്പലം റോഡിൽ തളിപ്പറമ്പ അക്യുപങ്ചർ ക്ലിനിക്ക്. Mob: 9847115007

തളിപ്പറമ്പ ലൂർദ് ഹോസ്പിറ്റൽ
MRC സൈക്കോളജിക്കൽ കൗൺസിലിംഗ്
ഇവിടെ ലഭിക്കുന്ന സേവനങ്ങൾ
● സൈക്കോളജിക്കൽ കൗൺസിലിംഗ്
● കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി
● പ്രീമാരിറ്റൽ കൗൺസിലിംഗ്
● ഫാമിലി കൗൺസിലിംഗ്
പരീക്ഷയിൽ 100 മാർക്ക് കിട്ടാൻ 101 വഴികൾ
എല്ലാ ശനിയാഴ്ചയും വിദഗ്ധർ മോട്ടിവേഷൻ ക്ലാസ് എടുക്കും
9400943718, 9846042264, 9061042264

സ്മരണാഞ്ജലി

ഡോ. പി.കെ. ഭവാനിയമ്മ
റിട്ട. ഡെപ്യൂട്ടി ഡയരക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് (NC)
തളിപ്പറമ്പ
മരണം: 8-7-2016

അവസാന നാളുകളിൽ എന്റെ ഭാര്യയെ ശുശ്രൂഷിച്ച തളിപ്പറമ്പ് ലൂർദ് ഹോസ്പിറ്റൽ എം.ഡി ഡോക്ടർ കെ.ജെ. ദേവസ്യ, ഡോക്ടർ ജോസഫ് ബെന്നവൻ, ഹോസ്പിറ്റൽ ജീവനക്കാർ, കൂടാതെ എന്നെ ആശ്വസിപ്പിച്ച തളിപ്പറമ്പിലെ വിവിധ സംഘടനകളായ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ബാർ അസോസിയേഷൻ, കെ.എസ്.എസ്.പി.യു സീനിയർ സിറ്റിസൺസ് ഫോറം, നല്ലവരായ നാട്ടുകാർ എന്നിവരോട് ഞാൻ എന്റെ കൃതജ്ഞത അറിയിക്കുന്നു.

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
ഭർത്താവ് അഡ്വ. ഇ.ഗോപാലൻ
(റിട്ട. അസി. പബ്ലിക് പ്രോസിക്യൂട്ടർ) തളിപ്പറമ്പ